

# സ്ത്രീ-പുരുഷ തുല്യതയാണ് എൻെറ കല

കാനായി കുഞ്ഞിരാമൻ / കെ.എൻ. ഷാജി

**"അമ്മയുടെ വിഷമവും കരച്ചിലും കണ്ടാണ് ഞാൻ വളർന്നത്. അതെന്നെ വല്ലാതെ ബാധിച്ചു. സത്യം പറഞ്ഞാൽ ഞാൻ നാട്ടിൽ നിന്നിരുന്നെങ്കിൽ അച്ഛൻെറ കൊലപാതകി ആയേനെ! അച്ഛന് ക്രിമിനൽ സ്വഭാവമായിരുന്നു. ഒരാളെ കൊന്നിട്ടുണ്ട്. ഇരുപത്തിനാലു മണിക്കൂറും കോടതിയും വ്യവഹാരവുമായി നടക്കുന്നയാൾ. വലിയ പിശുക്കനാണ്. ആരെയും സഹായിക്കില്ല. ഒരു ബുദ്ധിരാക്ഷസനും. അച്ഛൻെറ സ്ത്രീപീഡനം കണ്ട് മടുത്തിട്ടാണ് ഞാൻ വിവാഹം പോലും വേണ്ടെന്ന് തീരുമാനിച്ചത്." തീർത്തും പരുക്കനായ ജീവിതസാഹചര്യങ്ങൾകൊണ്ട് കൊത്തിയുണ്ടാക്കിയതാണ് തന്നിലെ ജീവിതശില്പമെന്ന് കാനായി.**

**■ താങ്കളുടെ സങ്കല്പത്തിൽ എന്താണ് കല?**

ഈ സൂര്യവെളിച്ചം വെളുത്തിട്ടാണ് നമുക്കു തോന്നുക. പച്ചവെള്ളം പോലെ. അതേസമയം പ്രിസത്തിലൂടെ കാണുമ്പോഴാണ് ഏഴുനിറങ്ങൾ ആയിട്ടു തോന്നും-മഴവില്ലുപോലെ. അപ്പോഴാണ് കല ഒന്നേയുള്ളൂ, പല മാധ്യമങ്ങളിലൂടെ വരുമ്പോഴാണ് പലതായി തോന്നുന്നു എന്നു മാത്രം. ഒന്ന് ശബ്ദത്തിൻെറ കല, വർണത്തിൻെറ കല, അഭിനയത്തിൻെറ കല. എല്ലാറ്റിൻെറയും അന്തഃസത്ത ഒന്നാണ്. നല്ല സംഗീതം കേട്ടാലും നല്ല നൃത്തം കണ്ടാലും നല്ല അഭിനയം കണ്ടാലും എല്ലാം ഒന്നുതന്നെ. മാധ്യമങ്ങളാണ് കലയെ വൈവിധ്യമുള്ളതാക്കുന്നത്. എല്ലാ കലകളും ഒരു കുടുംബത്തിലെ അംഗങ്ങളാണ്, ഒരു കൈയിലെ വിരലുകൾപോലെ. അതിനെ വേറിട്ടുകാണുന്നത് സംസ്കാരമില്ലായ്മയാണ്. എഴുത്തുകാർ പറയുന്നതുപോലെ, ചിത്രകാരൻ വേറെ, സിനിമാക്കാരൻ വേറെ എന്നത് മണ്ടത്തരമാണ്. പണ്ട് അയിത്തംകല്പിച്ചിരുന്നില്ലേ, അതുപോലെയാണ് ഇ

ന്ന് കലയിലും കാണിക്കുന്നത്. ശില്പം ചെയ്യുന്നവൻ താഴ്ന്നപടിക്കാരൻ, ആശാരി. വെങ്കലംചെയ്യുന്നവൻ മൂശാരി. അങ്ങനെ ഓരോന്നിനെയും ജാതിവ്യവസ്ഥയിൽ കാണുന്നതിനോടാണ് കലാകാരൻ യോജിക്കാത്തത്. എൻെറ നിരീക്ഷണത്തിൽ ഇതാണ് -അക്ഷരമെഴുതുന്നവൻ വരേണ്യവർഗത്തിൽ പെട്ടവൻ. അക്ഷരത്തിനു മുൻപ് എന്താണിവിടെ ഉണ്ടായിരുന്നത്? വാമൊഴിയും വരമൊഴിയുമല്ലേ. വാമൊഴിസംസ്കാരമാണ് മനുഷ്യസംസ്കാരത്തിൻെറ അടിത്തറ.

**■ ശില്പി എന്നനിലയിൽ എപ്പോഴെങ്കിലും അവഗണന നേരിട്ടിട്ടുണ്ടോ?**

ഒരുപാട് അനുഭവങ്ങളുണ്ട്. എഴുത്തുകാരായ സുഹൃത്തുക്കൾ പ്രസംഗിക്കാൻ വിളിച്ചുകൊണ്ടുപോയിട്ട് കലാകാരനായ എൻെറ പേരുപോലും പറയാറില്ല. ആ സ്റ്റേജിലുള്ള പ്രമാണിമാരായ എഴുത്തുകാരെയും കവികളെയും പ്രശംസിക്കും. എന്നെ പരിഗണിക്കില്ല. ഇപ്പോഴതിന് മാറ്റം വന്നിട്ടുണ്ട്.

**■ ഒരു തിക്താനുഭവം പറയാമോ?**

കൊല്ലത്ത് ഒരു മീറ്റിങ്. പി. ഗോവിന്ദപ്പിള്ളയടക്കം നിരവധി പ്രമാണിമാർ നിരന്നിരിക്കുന്നുണ്ട്. കെ. രവിന്ദ്രനാഥൻനായരുമുണ്ട്. ഒരു കവി പ്രസംഗിച്ചപ്പോൾ എന്നെക്കുറിച്ച് ഒരക്ഷരം മിണ്ടിയില്ല. എനിക്ക് വിഷമമായി. എൻെറ അവസരം വന്നപ്പോൾ ഞാനത് പറഞ്ഞു. ഞാനൊരു കലാകാരനാണ്, ശില്പിയാണ്. കവിത പോലെതന്നെ വിലയുള്ള കലയാണ് ശില്പവും. എൻെറ പേര് പറയാത്തതല്ല, ശില്പകലയെ അപമാനിക്കുന്നതിനു തുല്യമാണത്. കവി കേൾക്കാനാണതു പറഞ്ഞത്. ഞാൻ കവിതയും നോവലുമൊക്കെ വായിക്കുന്ന ഒരാളാണ്. സഖാവിൻെറ സാഹിത്യവും വായിക്കാറുണ്ട്. എൻെറ ശില്പങ്ങൾ എല്ലാവർക്കും അറിയുകയുംചെയ്യാം. ഈയൊരു 'വർണാശ്രമ'ത്തിൻെറ ആവശ്യമുണ്ടോ? ശില്പകലയെ നിങ്ങൾ താണ ജാതിക്കാരൻെറ കലയായി കാണരുത്. വികാരഭരിതനായിട്ടാണ് ഞാനതു പറഞ്ഞത്. ടാഗോർ തിയേറ്ററിനെപ്പറ്റി അതിഗംഭീരം എന്ന് കവി പ്രസംഗിച്ചു. ഞാൻ പറഞ്ഞു, ടാഗോർ ഇവിടെ വന്നിട്ടില്ല. പക്ഷേ, ടാഗോറിൻെറ സാന്നിധ്യം ഇവിടെയുണ്ട്. കാരണം എൻെറ ശില്പം അവിടെയുണ്ട്. കവി അത് കാണാതെപോയി. ഞാനെന്ത് തെറ്റുചെയ്തു, കവി? ബംഗാളിൽനിന്നു വന്ന കൾച്ചറൽ ഗ്രൂപ്പ് ആ ശില്പം കണ്ടിട്ട് ഇതുപോലെയൊരു ഗുരുദേവൻ ഞങ്ങൾ കണ്ടിട്ടില്ല. ആരാണ് ശില്പി എന്നന്വേഷിച്ചു. അവരതിൻെറ ഫോട്ടോയെടുത്തുകൊണ്ടുപോയി ടാഗോർ മ്യൂസിയത്തിൽ വെച്ചിട്ടുണ്ട്. ടാഗോറിനോടുള്ള വിരോധമല്ല, ശില്പിയെ അത്രയ്ക്കൊന്നും പരിഗണിക്കേണ്ടെന്നുവെച്ചാണ് ഇത്. കൂട്ടായ്മയില്ലാതെ കല വളരില്ല. കലയിലെ അയിത്തം മാറാതെ നാം രക്ഷപ്പെടില്ല.

**■ തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജ് പ്രൊഫസറായി വരുന്നത് എങ്ങനെയാണ്?**

75-ലാണ് ഫൈൻ ആർട്സ് കോളേജ് തുടങ്ങുന്നത്. അന്ന് അച്യുതമേനോൻ ഗവൺമെൻറാണ്. അദ്ദേഹമാണ് സ്കൂൾ അപ്ഗ്രേഡ് ചെയ്ത് കോളേജാക്കുന്നത്. സി.എൽ. പൊറിഞ്ചുകുട്ടിയായിരുന്നു പ്രിൻസിപ്പൽ. പ്രൊഫസറായി എൻെറ പേരും പറഞ്ഞുകേട്ടിരുന്നു. ഉത്തരേന്ത്യയിൽനിന്നൊക്കെ ആളെ കൊണ്ടുവരാൻ നോക്കിയതാണ്. ഞാനറിഞ്ഞത് കെ.ജി. സുബ്രഹ്മണ്യന് എഴുതി, നല്ലൊരു ശില്പിയെ വേണമെന്നു പറഞ്ഞ്. അദ്ദേഹം മറുപടിയെഴുതി, അവിടെ കുഞ്ഞിരാമൻ എന്ന നല്ലൊരു ശില്പിയുണ്ട്. അയാൾ പോരേ? അതിനുശേഷമാണ് എന്നെ ക്ഷണിച്ചത്.

**■ അച്യുതമേനോൻ വ്യക്തിപരമായി ക്ഷണിച്ചുവോ?**

അല്ല. പൊറിഞ്ചുകുട്ടി ക്ഷണിച്ചതാണ്. അച്യുതമേനോൻ എന്നെ വിളിപ്പിച്ചു. ഞാൻ പറഞ്ഞു, ഉദ്യോഗത്തിന് ഞാനില്ല. അച്ചടക്കം എനിക്കു പറ്റില്ല. അഡ്മിനിസ്ട്രേഷൻ തീരെ അറിയില്ല. അപ്പോൾ അച്യുതമേനോൻ നിർബന്ധിച്ചു. അങ്ങനെയാണ് കോൺട്രാക്ട് അടിസ്ഥാനത്തിൽ ഞാൻ ജോലിയിൽ പ്രവേശിക്കുന്നത്. അഞ്ചുമണി കഴിഞ്ഞ് എനിക്കിഷ്ടമുള്ള പണി ചെയ്യാം. അന്ന് പ്രിൻസിപ്പലിനെക്കാളും കൂടുതൽ ശമ്പളം ഞാൻ വാങ്ങിയിരുന്നു. പിന്നീടാണ് പ്രിൻസിപ്പലാകുന്നത്. എന്നെ കൊണ്ടുവന്ന പൊറിഞ്ചുകുട്ടിക്കെതിരെ ഞാൻ സമരംചെയ്തു. അന്നവിടെ തീരെ സൗകര്യമില്ല. അതു പോര എന്ന് ഞാൻ പരസ്യമായി പറഞ്ഞു. സ്കൾപ്ചർ ഡിപ്പാർട്ട്മെൻറ് വെറും ഓലപ്പുരയായിരുന്നു. വെറും ചട്ടിയും കലവും ഉണ്ടാക്കുന്ന സ്ഥലം. സമരത്തിനുശേഷമാണ് ഒരു ഹാൾ കിട്ടുന്നത്. ഇൻസ്റ്റിറ്റ്യൂഷനിൽപോലും ശില്പകലയ്ക്ക് അവഗണനയായിരുന്നു. ചളി ഡിപ്പാർട്ട്മെൻറ് എന്നാണ് വിളിക്കുക. വിദ്യാർഥികളായിരുന്ന ജീവനോടും കൃഷ്ണകുമാറിനോടുമൊക്കെ ഞാൻ പറയും, ശില്പകല ഏറ്റവും നല്ല ഡിപ്പാർട്ട്മെൻറ് ആകണം.

**■ ശില്പകലാ വിഭാഗത്തിലെ വിദ്യാർഥികൾ ആരൊക്കെയായിരുന്നു?**

ശരിക്ക് ശില്പകല പഠിക്കാൻവന്നത് ജീവൻ, വി.കെ. രാജൻ, രാജശേഖരൻനായർ എന്നീ മൂന്നുപേരാണ്. പിന്നീട് റിംസൺ, ടെൻസിങ് എന്നിവരെയെല്ലാം പെയിൻറിങ്ങിൽനിന്ന് ഞാൻ തട്ടിക്കൊണ്ടുവന്നതാണ്. ▶

**അലക്സ് മാത്യു അടക്കമുള്ള അന്നു വന്ന ഒരു പത്തുപേരാണ് ഇന്ന് ഇന്ത്യയിലെതന്നെ പ്രധാനപ്പെട്ട ശില്പികൾ. അന്നത് ദീർഘദർശിത്വത്തോടെ ചെയ്തത് നന്നായി.**

മലമ്പുഴയിൽ യക്ഷി ചെയ്തപ്പോൾ എനിക്ക് സങ്കടം തോന്നി. ഇവിടെ ശില്പകലയ്ക്ക് ആരുമില്ലല്ലോ. അതുകൊണ്ട് ശില്പകലയ്ക്ക് ഒരു പുതിയ തലമുറ ഉണ്ടാകണമെന്നുള്ള ഒറ്റ ആവേശത്തിലാണ് ഞാനതു ചെയ്തത്. ശില്പകലയ്ക്ക് മറ്റു കലകളോടൊപ്പം സ്ഥാനംവേണമെന്ന വിശാലമനസ്ഥിതിയോടെയാണ് ഞാനിമിടുക്കന്മാരെയെല്ലാം നിർബന്ധിച്ചു കൊണ്ടുവന്നത്. അതൊരു നല്ല കാലമായിരുന്നു. രാപകൽ കുട്ടികളെയും കൊണ്ടുനടന്നിട്ട് കാനായി കോളേജ് നശിപ്പിക്കുകയാണെന്ന് എല്ലാവരും പറഞ്ഞു. ശില്പകല പഠിച്ചാൽ തെണ്ടിപ്പോകുമെന്ന് അവരെയും പേടിപ്പിച്ചു. സ്റ്റാഫെല്ലാം എനിക്കെതിരായിരുന്നു. സ്കൂളിൽനിന്ന് പ്രൊമോഷനായി വന്ന നാരായണപ്പിള്ള, കേശവൻകുട്ടി, സനാതനൻ എന്നിവരെല്ലാം, ഇയാൾ ജാട കാണിക്കുന്നു, വിവരമില്ലാത്തവനാണ്, പഠിപ്പിക്കാനറിയില്ല എന്നെല്ലാം പറഞ്ഞു.

**പൊറിഞ്ചുകുട്ടിക്ക് എന്തൊക്കെ പോരായ്മയുണ്ടെങ്കിലും ചില ഗുണങ്ങളുമുണ്ടായിരുന്നില്ലേ?**

അദ്ദേഹം അഡ്മിനിസ്ട്രേഷന്റെ തലപ്പത്തിരിക്കുന്ന ഒരാളാണ്. എന്തു പറഞ്ഞാലും ശരി, കേരളകല പൊറിഞ്ചുകുട്ടിയോട് ഏറെ കടപ്പെട്ടിരിക്കുന്നു. കാരണം പൊറിഞ്ചുകുട്ടി ഇല്ലായിരുന്നെങ്കിൽ കോളേജ് ഇന്നത്തെ സ്ഥിതിയിലാകുമായിരുന്നില്ല. വേറെയാരാണെങ്കിലും അന്ന് രാജിവെച്ച് പോകും. എന്തെല്ലാം സമരം, ബഹളം, കല്ലേറ്. ഒടുവിൽ വീട്ടിൽച്ചെന്ന് ഭീഷണിപോലും ഉണ്ടായിട്ടുണ്ട്. അന്ന് പി.കെ. വാസുദേവൻനായരായിരുന്നു മുഖ്യമന്ത്രി. അദ്ദേഹവും ടെക്നിക്കൽ ഡയറക്ടറും എന്നെ വിളിച്ചു. കാനായി വിചാരിച്ചാലേ എല്ലാം നേരെയാകൂ. കാരണം, ഞാനാണല്ലോ സമരനേതാവ്. പൊറിഞ്ചുകുട്ടിയെ മാറ്റണം എന്നാണ് കുട്ടികൾ പറയുന്നത്. റിസ്ക് എടുക്കുന്ന പിള്ളേരാണ്, എന്തും ചെയ്യും. ഞങ്ങൾ ആറുമാസം പൊറിഞ്ചുകുട്ടിയെ മാറ്റിനിർത്തി. പകരം ടെക്നിക്കൽ ഡയറക്ടർക്ക് ചാർജ് കൊടുത്തു. സത്യംപറഞ്ഞാൽ എനിക്ക് സങ്കടംതോന്നി. അല്ലാതെ നിവൃത്തിയില്ല. പൊറിഞ്ചുകുട്ടിക്ക് ഒരു അവാർഡ് കൊടുക്കാൻ ഇന്നേവരെ ആരും തയ്യാറായിട്ടില്ല. ഇവിടെ കലാപ്രസ്ഥാനം ഉണ്ടാക്കി എന്നുപറയുന്ന ആളുകളില്ലേ, അവരെക്കാൾ വലിയ പ്രസ്ഥാനം പൊറിഞ്ചുകുട്ടി ഇവിടെ ഉണ്ടാക്കിയിട്ടുണ്ട്. ഒരുപാടാളുകൾക്ക് എന്തെല്ലാം കൊടുക്കുന്നു. പൊറിഞ്ചുകുട്ടി അർഹിക്കുന്നതൊന്നും അദ്ദേഹത്തിന് കിട്ടിയിട്ടില്ല.

**78-ൽ കാനായി കേരള ലളിതകലാ അക്കാദമി ചെയർമാനായില്ലേ? അന്നെന്തൊക്കെ ചെയ്തു?**

അന്ന് പല മാറ്റങ്ങളും ഉണ്ടായിട്ടുണ്ട്. ഒരുപാട് പ്രശ്നങ്ങളും ഉണ്ടായിരുന്നു. അതിലൊന്ന് ലളിതകലാ അക്കാദമി അടച്ചുപൂട്ടിയതാണ്. അക്കാദമിയുടെ ഓരോ മെമ്പർമാരും ഓരോ സ്ഥാപനത്തിന്റെ പ്രതിനിധികളാണ്. അവരൊക്കെയാണിവിടെ ഭരിക്കുന്നത്. കൈ പൊക്കാൻ പറഞ്ഞാൽ ഭൂരിപക്ഷം അവരാണ്. ഞാൻ വല്ലാതെ വിഷമിച്ചു. പുതിയ എന്തെങ്കിലും സ്കീം കൊണ്ടുവന്നാൽ അതു വേണ്ട, നിങ്ങളുടെ മോഡേൺ ആർട്ട് ഇവിടെ വേണ്ട എന്നു പറയും. ചെയർമാൻ ഒന്നും മിണ്ടണ്ട, ഭൂരിപക്ഷം പാസാക്കി സെക്രട്ടറി പാസാക്കും.

**അന്ന് ആരാണ് സെക്രട്ടറി?**

ടി.കെ.സി. വടുതല. അദ്ദേഹം അവരെ അനുകൂലിക്കും, എനിക്കെതിരാണ്. സഹിക്കവയ്യാതായപ്പോൾ ഞാൻ മുഖ്യമന്ത്രി അച്യുതമേനോനോട് ചോദിച്ചു, ഞാനെന്താ ചെയ്യേണ്ടത്? അക്കാദമിയിൽ അങ്ങനെയൊക്കെയാണ് എന്നദ്ദേഹം സമാധാനിപ്പിക്കും. നിവൃത്തിയില്ലാതെ വന്നപ്പോൾ പൂട്ടുന്നതാണ് നല്ലത് എന്ന് ഞാൻ പറഞ്ഞു. പൂട്ടരുത്, നമുക്ക് പരിഹാരമുണ്ടാക്കാം എന്നദ്ദേഹം ആശ്വസിപ്പിച്ചു. അതിന്റെ ബൈലോ മാറ്റാതെ ഒന്നും ചെയ്യാൻപറ്റില്ല. അങ്ങനെയാണത് പൂട്ടിയത്.

> **അന്ന് അശ്ലീലം എന്ന് പരിഹസിച്ചവർ ഇപ്പോൾ നേരെ വിപരീതമാണ്. പുതിയൊരു കലാവബോധംമൂലമാണത്. വാസ്തവത്തിൽ ജനങ്ങളെ നയിക്കേണ്ടത് കലാകാരന്മാരാണ്. അതിന്റെ വലിയ ഉദാഹരണമാണ് യക്ഷി. എതിർത്തവർ തന്നെ അതിനെ അംഗീകരിക്കുന്നു.**

**അന്നത് വലിയ സംഭവമായിരുന്നല്ലോ. അക്കാദമി പൂട്ടി താക്കോലുമായി കാനായി കടന്നുകളഞ്ഞു എന്നായിരുന്നുവല്ലോ ആക്ഷേപം?**

എം.വി. ദേവനൊക്കെ എനിക്കെതിരായി വലിയ കലാപമുണ്ടാക്കി. ഇതിനാണോ ഇവനെ ഏല്പിച്ചത് എന്ന് ചോദിച്ചു. മാതൃഭൂമിയിൽ ബി.എം. ഗഫൂർ കാർട്ടൂൺ വരച്ചു. പി.വി. കൃഷ്ണൻ എഴുതിയ ലേഖനത്തിൽ ഒരു പേജിൽ എന്റെ ഫോട്ടോ, മറ്റേതിൽ ദേവന്റെ. ഒന്ന് ദേവൻ, ഒന്ന് രാക്ഷസൻ. ഏതായാലും രണ്ടുവർഷത്തേക്ക് സംഗതി ഇല്ല. പിന്നീട് പുതിയ ബൈലോ ഉണ്ടാക്കിയശേഷമാണ് അക്കാദമി നിലവിൽവന്നത്. അന്ന് പൂട്ടിയതുകൊണ്ടാണ് പുതിയ അക്കാദമി ഉണ്ടായത്. അത് നന്മയ്ക്കുവേണ്ടിയായിരുന്നു.

**പിന്നീടും കാനായിതന്നെയാണോ ചെയർമാനായത്? രണ്ടാമത്തെ ടേം എങ്ങനെയായിരുന്നു?**

പിന്നീടു വന്നപ്പോൾ ഒരുപാട് നല്ല കാര്യങ്ങൾ ചെയ്യാൻപറ്റി. ഞാനാദ്യം ചെയർമാനായിരിക്കുമ്പോൾതന്നെ മലബാറിലെല്ലാം ക്യാമ്പ് നടത്തി. അതിനു മുൻപ് മലബാറിലൊന്നും ക്യാമ്പില്ല. കാസർകോട്ട് ഒരു ഓൾ ഇന്ത്യ പെയിന്റേഴ്സ് ക്യാമ്പ് സംഘടിപ്പിച്ചു. വലിയൊരു ഉത്സവമായിരുന്നു അത്. അന്നാണ് സത്യത്തിൽ ലളിതകലാ അക്കാദമി ജനങ്ങളിലേക്ക് ഇറങ്ങിവന്നത്. ഇപ്പോൾ സ്വകാര്യമായി പല ഹോട്ടലുകളിലുമാണ് ക്യാമ്പ്. അത് ശരിയല്ല.

**പെരുമ്പാവൂരിൽ ഒരു മന ഏറ്റെടുത്തതെപ്പോഴായിരുന്നു?**

നമ്പൂതിരി ചെയർമാനായിരുന്നപ്പോൾ. ഞങ്ങളാണത് വേണ്ടെന്നു വെച്ചത്. കാരണം, ആരും അങ്ങോട്ട് പോകുന്നില്ല. ഒരുപാട് പണം വെറുതെ ചെലവാകുന്നു. ഒടുവിൽ മന നശിച്ചുതുടങ്ങി. നല്ല ഭാവനാശേഷിയുള്ള കലാകാരന്മാരാണെങ്കിൽ അക്കാദമിയിൽകൂടി നല്ല മാറ്റങ്ങളുണ്ടാക്കാം. കലയിൽ പാർട്ടി സ്വാധീനം വരാൻപാടില്ല. അവാർഡ് കൊടുക്കുമ്പോൾ പാർട്ടി നോക്കുന്നത് തെറ്റാണ്. കലയെയാണ് ആദരിക്കേണ്ടത്, പാർട്ടിയെയല്ല. കലയിൽ രാഷ്ട്രീയവത്കരണം പാടില്ല. പൊതുജനങ്ങളുടെ കാശാണ് ചെലവാക്കുന്നതെന്ന് ഭരണാധികാരികൾക്ക് ബോധം വേണം. പ്രത്യേകിച്ച് ഇന്നത്തെ മന്ത്രിമാർക്ക് ഒരു ബോധവുമില്ല. ഈ പണം പാവപ്പെട്ട തൊഴിലാളികളുടെതാണ്.

**കാനായി, രവിവർമ പുരസ്കാരം സ്വീകരിച്ചു. രവിവർമയെക്കുറിച്ച് എന്താണഭിപ്രായം?**

രവിവർമ ജീവിച്ചിരുന്ന കാലത്ത് ബംഗാൾ സ്കൂളും ബോംബെ സ്കൂളും അദ്ദേഹത്തെ ചവിട്ടിത്താഴ്ത്തിയില്ലേ, വെറും കലണ്ടർ പെയിന്ററാണ്, കൊളോണിയൽ പെയിന്ററാണ് എന്നൊക്കെ ആക്ഷേപിച്ച്. നൂറുവർഷത്തിനുശേഷം ആ മനുഷ്യനുവേണ്ടി എന്താണ് കേരളത്തിൽ ചെയ്തത്? ഒരു സ്മാരകം ഉണ്ടാക്കിയോ? അതേസമയം ചിത്രകല-ശില്പകലാരംഗത്തുള്ളവർക്കുവേണ്ടി എന്താണ് സർക്കാർ ചെയ്യുന്നത്? രവിവർമയ്ക്കുവേണ്ടി മാവേലിക്കരയിൽ ഒരു കോളേജുണ്ട്. വേറെ എന്തുണ്ട്? ഇപ്പോൾ കലാഗ്രന്ഥങ്ങളിൽ രവിവർമയെ 'ഫാദർ ഓഫ് മോഡേൺ ആർട്ട് എന്നാണ് വിശേഷിപ്പിക്കുന്നത്; പണ്ട് പഴിപറഞ്ഞവർതന്നെയാണ്. കെ.സി.എസ്സും ദേവനും രവിവർമ

യെ പുച്ഛിച്ച് സംസാരിച്ചിട്ടില്ലേ? ഇന്നദ്ദേഹത്തിൻെറ പേരിലുള്ള പുരസ്കാരം സ്വീകരിക്കാൻ രണ്ടു കൈയും നീട്ടി നില്ലുകയാണ്. ചിത്രകാരൻ രാജകുടുംബത്തിൽ പിറന്നിട്ടും രക്ഷയില്ല.

**■ കാനായി വിദേശത്തു പോയി പഠിച്ചു. എന്നിട്ടും ജന്മനാട്ടിലേക്ക് തിരിച്ചുവന്ന് കലാപ്രവർത്തനങ്ങളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നു. നമ്മുടെ നാട്ടിലെ പതിവു രീതിയനുസരിച്ച് വിദേശത്ത് ചേക്കേറാനാണ് എല്ലാവർക്കും താത്പര്യം. കാനായി നേരെ തിരിച്ചും. ഈ ധീരമായ തീരുമാനത്തിനു പിന്നിലുള്ള ചാലകശക്തി എന്താണ്?**

എനിക്കു തോന്നുന്നത് രവിവർമയൊക്കെ ദാരിദ്ര്യംകൊണ്ടല്ല കൊട്ടാരം വിട്ടുപോയത്. ഇവിടെ പ്രോത്സാഹനം തീരെ ഉണ്ടായിരുന്നില്ല. അതുപോലെ കെ.സി.എസ്. പണിക്കർ പുറമെ പോയാണ് പേരെടുത്തത്. മാധവമേനോൻ, എ. രാമചന്ദ്രൻ, കെ.ജി. സുബ്രഹ്മണ്യൻ, വിശ്വനാഥൻ തുടങ്ങി എല്ലാ മലയാളികളും പുറത്താണ്. കേരളത്തിൽ ആരുമില്ല. ഇതൊരു നഴ്സറിപോലെയാണ്; ഒരു ബ്രീഡിങ് സെൻറർ. ഇവിടെ നട്ടു മുളപ്പിക്കും; പക്ഷേ, വളരുന്നത് വേറെ സ്ഥലത്താണ്. ഞാനും തിരിച്ചുവരാൻ വിചാരിച്ചതല്ല. മദിരാശിയിലാണെങ്കിൽ നമ്മൾ 'മലയാളത്താൻ'. എത്ര വലിയവനാണെങ്കിലും. ഡൽഹിയിൽ സൗത്തിന്ത്യൻ-മദ്രാസി. വിദേശത്തു പോയാൽ ഇന്ത്യക്കാരൻ. എവിടെ എൻെറ നാട്? നാമന്വേഷിക്കുന്നില്ല. തത്കാല ലാഭത്തിനുവേണ്ടി, സുഖത്തിനുവേണ്ടി നമുക്ക് എവിടെവേണമെങ്കിലും പോകാം. എനിക്കു തോന്നി, പെയിൻറ്ചെയ്യാനോ ശില്പംചെയ്യാനോ ഇംഗ്ലണ്ടിലോ അമേരിക്കയിലോ പോകേണ്ട; സ്വന്തം നാട് പോരെ? ബട്‌ലർ, മുൽക്ക്‌രാജ് ആനന്ദിനെക്കുറിച്ച് എപ്പോഴും പറയും, അദ്ദേഹത്തിൻെറ വലിയ സുഹൃത്താണ്-''കലയെക്കുറിച്ച് നല്ല ബോധമുള്ള ഇന്ത്യൻ റൈറ്റർ''. അദ്ദേഹം 'ഇന്ത്യൻനെസ്സി'നുവേണ്ടി വാദിക്കുന്ന ഒരാളാണ്. ബട്‌ലർ പറയും രാമന് തിരിച്ച് സ്വന്തം നാട്ടിൽ പോയി വല്ലതും ചെയ്തുകൂടെ? ഇന്ത്യ ഒരു അവികസിത രാജ്യമല്ലേ? എനിക്കും അത് ബോധ്യമായി. കുറച്ചുകാലംകൊണ്ട് ഞാനവിടെ വലിയ പോപ്പുലറായി, ധാരാളം ഫ്രൻഡ്സും ഉണ്ടായി. എങ്കിലും ഞാൻ തിരിച്ചുപോന്നു.

**■ എന്നാണ് കോളേജിൽനിന്ന് പിരിയുന്നത്?**

പിരിയുന്നതല്ല, ഡെപ്യൂട്ടേഷനിൽ ഞാൻ ടൂറിസം ഡിപ്പാർട്ട്മെൻറിൽ കൺസൾട്ടൻറായി പോകുകയാണ് ചെയ്തത്. ഇതിനിടെ ഒരുകൊല്ലം പ്രിൻസിപ്പലുമായിരുന്നു-അന്നത്തെ വിദ്യാഭ്യാസമന്ത്രി കെ. ചന്ദ്രശേഖരൻെറ നിർബന്ധത്തിനു വഴങ്ങി. കോളേജിലെ സ്റ്റാഫും നിർബന്ധിച്ചു. കുറച്ചുകഴിഞ്ഞപ്പോൾ വലിയ പ്രശ്നമായി. വിദ്യാർഥികളെയും സ്റ്റാഫിനെയും നയിക്കണം. അവരുടെ സഹകരണം കുറഞ്ഞു. പ്രിൻസിപ്പലായി തുടരാനാവില്ല, ഞാൻ രാജി വെക്കുകയാണെന്ന് മന്ത്രിയെ അറിയിച്ചു. ആ സമയത്താണ് വേളിയിൽ ടൂറിസം വില്ലേജ് തുടങ്ങുന്നത്. ടൂറിസം മന്ത്രി ഇ. ചന്ദ്രശേഖരൻനായരുടെ ക്ഷണപ്രകാരം ഞാൻ കൺസൾട്ടൻറായി ചേർന്നു. അവിടെനിന്നാണ് സർവീസിൽനിന്ന് പിരിയുന്നത്.



കാനായി
കുഞ്ഞിരാമൻ

**■ കാനായി കോളേജിൽനിന്ന് പോന്നതിനുശേഷമാണല്ലോ വിഖ്യാത ശില്പങ്ങൾ പലതും ചെയ്തിട്ടുള്ളത്. വേളിയിലെ ഭീമൻ ശംഖ്, ശംഖുമുഖത്തെ മത്സ്യകന്യക...**

അതെ. കോളേജിലുണ്ടായിരുന്ന പതിന്നാലു വർഷത്തോളം സത്യംപറഞ്ഞാൽ എനിക്കൊന്നും ചെയ്യാൻ പറ്റിയില്ല. ആകെ ചെയ്തത് ഡൽഹിയിലെ ട്രിനാലെയ്ക്കുവേണ്ടി ഒരു ശില്പം, പിന്നെ മറ്റു രണ്ടെണ്ണം. എനിക്കു തോന്നി, പണ്ട് ശ്രീരാമനെ കാട്ടിലേക്ക് പറഞ്ഞയച്ചപോലെ എന്നെ കോളേജെന്ന കാട്ടിലേക്ക് പറഞ്ഞുവിട്ടതാണെന്ന്.

**■ ശ്രീരാമൻെറ വനവാസം പതിന്നാലു സംവത്സരമായിരുന്നല്ലോ. കുഞ്ഞിരാമൻെറയും പതിന്നാലു കൊല്ലം...**

അതെ, ഏകദേശം പതിന്നാലു കൊല്ലം. അതു കഴിഞ്ഞാണ് എൻെറ പ്രധാനപ്പെട്ട പബ്ലിക് വർക്കുകളെല്ലാം ചെയ്യുന്നത്. കലയ്ക്കുവേണ്ടി ജീവിക്കുന്ന ഒരാൾ ഒരിക്കലും അധ്യാപകജോലിക്ക് പോകരുത്, പ്രത്യേകിച്ച് ഗവൺമെൻറ്സ്ഥാപനത്തിൽ. കാരണം, സ്വാതന്ത്ര്യം നഷ്ടപ്പെടും, മാനസികപ്രശ്നങ്ങൾ കൂടും. അപ്പോൾ കല ബലികൊടുക്കേണ്ടിവരും, ഭീരുവായി ജീവിക്കേണ്ടിവരും. അതൊരിക്കലും ചെയ്യരുത്. പോൾ ക്ലീ പറഞ്ഞിട്ടുണ്ട്, ''നല്ലൊരു കലാകാരന് പഠിപ്പിക്കാൻപറ്റില്ല, നല്ലൊരു അധ്യാപകന് നല്ലൊരു കലാകാരനാവാനും സാധ്യമല്ല.'' സത്യമാണത്.

**■ വേളിയിലെന്തൊക്കെയാണ് ചെയ്തത്?**

വേളിയിലെ അനുഭവം വളരെ വിലപിടിച്ചതായിരുന്നു. പ്രകൃതിയിൽ കൂടുതൽ ലയിക്കാൻപറ്റി. പുതിയൊരു പ്രകൃതി സൃഷ്ടിക്കാൻ സാധിച്ചു. അത് എല്ലാവരാലും ഉപേക്ഷിക്കപ്പെട്ട സ്ഥലമായിരുന്നു. ടി. ബാലകൃഷ്ണനായിരുന്നു ടൂറിസം ഡയറക്ടർ. എനിക്ക് എല്ലാ സ്വാതന്ത്ര്യവും തന്നു. അതൊരു ചതുപ്പുനിലമായിരുന്നു. മാത്രമല്ല, അനാശാസ്യപ്രവർത്തനങ്ങളുടെ കേളീരംഗം. അക്കാലത്ത് വേളി കായലിൽ അനാഥശവങ്ങൾ പൊങ്ങുന്നത് പതിവായിരുന്നു. അത്രയും മോശപ്പെട്ട സ്ഥലത്താണ് ഞാൻ ചെല്ലുന്നത്. ആദ്യം നാട്ടുകാരൊക്കെ ബഹളംകൂട്ടി. ഞങ്ങൾക്ക് വേണ്ടത് ടൂറിസമല്ല, ഫാക്ടറികളാണ് എന്നായിരുന്നു അവരുടെ മുദ്രാവാക്യം. ടൂറിസംകൊണ്ട് ജീവിക്കാനാവില്ല. അന്ന് ടൂറിസം ഒരു ഇൻഡസ്ട്രിയായി വികസിച്ചിട്ടില്ല.

**■ എന്തായിരുന്നു അവിടത്തെ അനുഭവങ്ങൾ?**

പൗരസമിതിക്കാർ സമരംതുടങ്ങിയത് വാസ്തവത്തിൽ പട്ടിണികൊണ്ടാണ്. ദാരിദ്ര്യം, മദ്യപാനം, തെമ്മാടിത്തം ഇവയൊക്കെയാണ് പ്രശ്നങ്ങൾ. ഇതിനൊരു പരിഹാരമുണ്ടാക്കണമെന്ന് ഞാൻ തീരുമാനിച്ചു. കല മാത്രം പോരല്ലോ, മനുഷ്യസ്നേഹവും വേണ്ടേ? ഞാൻ ഓരോ കുടിലിലും കേറിയിറങ്ങി, നിങ്ങളൊന്നും പേടിക്കേണ്ട, ഇവിടത്തെ ഓരോ കുടുംബത്തിലും ഒരാൾക്കെങ്കിലും ജോലി തരാം, തോട്ടപ്പണിക്കും കൂലിപ്പണിക്കും പുറത്തുനിന്നാരെയും കൊണ്ടുവരില്ല എന്ന ഉറപ്പുകൊടുത്തു. അങ്ങനെയാണ് ശാന്തമായത്. വേണമെങ്കിൽ അതേപ്പറ്റി ഒരു പുസ്തകം തന്നെയെഴുതാം. ഞാൻതന്നെ മണ്ണുവെട്ടി കുട്ടയിലാക്കി സ്ത്രീകളുടെ തലയിൽ വെച്ചുകൊടുത്തിട്ടുണ്ട്. കാരണം, അവർക്ക് ഇത്തരം ജോലികളൊന്നും അറിയില്ല. അവരെ ജോലി പഠിപ്പിച്ചിട്ടാണ് ടൂറിസം വില്ലേജ് ഉണ്ടാക്കിയത്. അങ്ങനെ ജനപങ്കാളിത്തത്തോടുകൂടി കേരളത്തിൽ ആദ്യമായി ലാൻഡ്സ്കേപ്പ്ചെയ്ത പിക്നിക് സ്പോട്ടാണ് വേളി വില്ലേജ്.

**■ എന്തൊക്കെ ശില്പങ്ങളാണവിടെ ചെയ്തത്?**

ശില്പങ്ങൾ അവസാനമാണ് ചെയ്തത്. ചിത്രം വരയ്ക്കാൻ ആദ്യം കാൻവാസ് വേണ്ടേ? അതിനാൽ മുഴുവൻ സ്ഥലവും ലോറിക്കണക്കിന് മണ്ണിട്ട് നികത്തി ലാൻഡ്സ്കേപ്പ് ചെയ്യുകയായിരുന്നു. കാരണം അവിടമാകെ വെള്ളക്കെട്ടായിരുന്നു. മാടൻ



ഫോട്ടോ: മണിലാൽ പടവൂർ

കാനായി കുഞ്ഞിരാമനും ഭാര്യ നളിനിയും

തറ എന്ന ശില്പമാണ് ആദ്യം തുടങ്ങിയത്. പണ്ട് അവിടെ ഒരു മാടൻതറയുണ്ടായിരുന്നു. ഒരു മരക്കുറ്റിയിൽ വിളക്കും രണ്ട് കല്ലും. നാട്ടുകാർ പൂജചെയ്യുന്ന സ്ഥലം. അതിൻെറ ദ്രവിച്ച തൂണുകളൊക്കെ മാറ്റേണ്ടിവന്നു. നാട്ടുകാർ സമ്മതിച്ചില്ല. പരമ്പരാഗതമായി അവർ കടലിൽ പോകുമ്പോൾ വിളക്കുവെച്ച് തൊഴുന്ന സ്ഥലമാണ്. ഞാനത് നന്നാക്കിത്തരാം എന്ന ഉടമ്പടിയിലാണത് പൊളിച്ചത്. പിന്നീട് 'മാടൻതറ' പുനഃസൃഷ്ടിച്ചു. മാടൻ ഒരു പ്രാകൃത ദേവനാണ്. ആ ഡിസൈൻ ഒരു മിനിമൽ ആർട്ടിൻെറ മാതൃകയിലാണ് ചെയ്തത്. ഒരു പെർമനൻറ് ഇൻസ്റ്റലേഷൻ. അന്നത് പുതുമയായിരുന്നു. അത് ഡൽഹിയിൽ ചെയ്തിരുന്നെങ്കിൽ ദേശീയ തലത്തിൽ ശ്രദ്ധിക്കപ്പെടുന്ന ശില്പമായേനെ. എനിക്ക് നിരാശയില്ല. കാരണം, നാട്ടിൻപുറത്തെ സാധാരണക്കാരോട് ഇത് സംവദിക്കുന്നുണ്ട്. അവർക്കത് വലിയ ഇഷ്ടമായി. അതിനടുത്ത് ഒരു ആലുണ്ടായിരുന്നു. അതിന് തറ കെട്ടി 'ആൽത്തറ' എന്നു പേരിട്ടു. അവിടെ ഒരു വിളക്കുവെച്ചു. തൊട്ടപ്പുറത്ത് വേറൊരു ഡിസൈനിൽ തറയുണ്ടാക്കി 'യക്ഷിത്തറ'യാക്കി. മൂന്ന് തൂണുവെച്ച് മറ്റൊരു 'നാഗത്തറ'. ഇതിനൊരു ഗുണമുണ്ടായി. പിന്നീട് ഹിന്ദുക്കൾ മാത്രമല്ല ക്രിസ്ത്യാനികളും മുസ്ലിങ്ങളും ഇവിടെ വന്ന് ദീപം കത്തിച്ചുതുടങ്ങി. ഇതിനൊരു മതേതര സ്വഭാവമുണ്ട്. ഒരിക്കൽ അവിടെ ഷീറ്റ്‌വിരിച്ച് കുറെ പർദയിട്ട സ്ത്രീകൾ നിസ്കരിക്കുന്നു! വലിയ അദ്ഭുതമാണത്. ഒരു മഹത്തായ സെക്കുലർ ആരാധനാലയം!

**■ മറ്റെന്തൊക്കെയാണ് സൃഷ്ടികൾ?**

ഒരിക്കൽ ലോറിയിൽ മണ്ണ് കൊണ്ടുവന്നിട്ടപ്പോൾ അറിയാതെ ഒരു സ്ത്രീരൂപംപോലെ തോന്നി. അതിനെ ഞാനൊരു കുന്നാക്കിമാറ്റി. മലർന്നു കിടക്കുന്ന ഒരു സ്ത്രീരൂപം. പുല്ലൊക്കെ പിടിപ്പിച്ച് ഭംഗിയാക്കിയപ്പോൾ അതിന് 'മണ്ണമ്മ' എന്ന് പേരിട്ടു. പിന്നീടാണ് വലിയ ശംഖ് ചെയ്തത്. അതിനു വലിയ എതിർപ്പുണ്ടായി. ഇത്രയും വലിയ ശംഖ് ഇടിഞ്ഞുവീഴും എന്നായിരുന്നു ഉദ്യോഗസ്ഥരുടെ ഭയം. അതിൻെറ ഉള്ള് പൊള്ളയാണ്. കാനായി വെറും ശില്പിയാണ് എഞ്ചിനിയറല്ല. അത് പൊളിഞ്ഞാൽ ഡിപ്പാർട്ട്മെൻറ് ഉത്തരംപറയണം എന്നായിരുന്നു അവരുടെ സംശയം. അവർ രണ്ട് എഞ്ചിനിയറെ കൊണ്ടുവന്നു. അവർ ബീം വേണമെന്നു പറഞ്ഞു. ഞാൻ സമ്മതിച്ചില്ല. അങ്ങനെ എൻെറ സ്വന്തം ഇഷ്ടത്തിന് ഉണ്ടാക്കിയതാണ് ശംഖ്. സ്റ്റേറ്റ് എഞ്ചിനിയർ രാമസ്വാമിയും ടീമും വന്ന് പരിശോധിച്ചു. ഞാൻ കുറെ നാട്ടുകാരെ വിളിച്ച് അതിനു മുകളിൽ കയറ്റി. ഒരു കുഴപ്പവുമുണ്ടായില്ല. രാമസ്വാമി ക്ലീൻ സർട്ടിഫിക്കറ്റ് തന്നു. ഒരു ശില്പി എഞ്ചിനിയറുമാകണമെന്ന് ഈ അനുഭവം എന്നെ പഠിപ്പിച്ചു.

**■ ശംഖുമുഖത്തെ ശില്പങ്ങൾ എന്തായിരുന്നു?**

ശംഖുമുഖത്ത് ശംഖ് ചെയ്യാനായിരുന്നു എൻെറ പ്ലാൻ. പക്ഷേ, ആർക്കും താത്പര്യമുണ്ടായില്ല. വേളിയിലാണ് 'മെർമെയ്ഡ്' ചെയ്യേണ്ടിയിരുന്നത്. 'ശംഖ്' ശംഖുമുഖത്തും. തിരിഞ്ഞുപോയി. അവസരം കിട്ടാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്.

**■ മത്സ്യകന്യകയുടെ കഥയെന്താണ്?**

അതൊരു വെല്ലുവിളിയായിരുന്നു. ഇതിലും ഉയരത്തിലും നീളത്തിലുമായിരുന്നു ഞാൻ വിചാരിച്ചിരുന്നത്. ഉദ്യോഗസ്ഥന്മാർ തടസ്സം കൊണ്ടുവന്നു. അവസാനം പരമാവധി ഉയരംകുറച്ച് ചെയ്യേണ്ടിവന്നു. അന്ന് ടൂറിസം ഡയറക്ടർ കെ. ജയകുമാറായിരുന്നു. അദ്ദേഹത്തിനത് നല്ല ഇഷ്ടമായി. പക്ഷേ, കളക്ടറായിരുന്ന വനിതയ്ക്ക് അതിഷ്ടമായില്ല. അവരത് അശ്ലീലമാണെന്നു പറഞ്ഞ് ഒരു കമ്മിറ്റിയുണ്ടാക്കി. കമ്മിറ്റി അപ്രൂവ് ചെയ്താലേ സാങ്ഷനാകൂ എന്നു പറഞ്ഞു. ഞാൻ മുഖ്യമന്ത്രി കെ. കരുണാകരനെ നേരിട്ട് കണ്ടു. അദ്ദേഹം ഇടപെട്ടിട്ടാണ് അത് അംഗീകരിച്ചത്. കരുണാകരനെ ഒരിക്കലും മറക്കാനാവില്ല!

**■ പബ്ലിക് ആർട്ടിനുള്ള ഒരു പരിമിതി കലാകാരൻ സമൂഹനന്മയ്ക്കുവേണ്ടി വിഭാവനചെയ്യുന്ന ഒരു ശില്പത്തിന്, അതേ സമൂഹംതന്നെ തടസ്സംനില്ക്കുന്ന പ്രവണതയാണ്. യക്ഷി ചെയ്യുന്നതുമുതൽ താങ്കൾ ഇതനുഭവിക്കുന്നതാണ്. ഇത്തരം എതിർപ്പുകൾ വരുമ്പോൾ വിഷമം തോന്നുമോ? ഇത് കലാകാരൻെറ ആത്മവിശ്വാസം കെടുത്തില്ലേ?**

ക്രൂരമായ വിമർശനവും എതിർപ്പുമായിരുന്നു. ഞാനല്ല വേറെ വല്ലവരുമായിരുന്നെങ്കിൽ സ്ഥലംവിട്ടേനെ. എനിക്ക് കേവലം കല മാത്രമല്ല, ഒരു ലക്ഷ്യംകൂടിയുണ്ട്. ആ ലക്ഷ്യബോധത്തോടുകൂടിയാണ് എൻെറ എല്ലാ കലാപ്രവർത്തനങ്ങളും. കലാചരിത്രം പരിശോധിച്ചാൽ ഒരുപാട് കലാകാരന്മാർ ഇതിനെക്കാൾ വലിയ പീഡനങ്ങൾ അതിജീവിച്ചവരാണ്. മൈക്കലാഞ്ചലോമുതൽ വാൻഗോഗുവരെ. അതൊക്കെ എന്നിൽ വലിയ ആവേശമുണ്ടാക്കി. ഏതായാലും ഏറ്റെടുത്ത പണി തീർന്നേ പിന്മാറൂ എന്ന വാശി. അന്ന് അശ്ലീലം എന്ന് പരിഹസിച്ചവർ ഇപ്പോൾ നേരെ വിപരീതമാണ്. ആ ചിന്താഗതി മാറിക്കഴിഞ്ഞു. പുതിയൊരു കലാവബോധംമൂലമാണത്. ജനങ്ങളെ കണ്ണടച്ചു വിശ്വസിച്ചാൽ നമ്മളൊന്നുമല്ലാതാകും. വാസ്തവത്തിൽ ജനങ്ങളെ നയിക്കേണ്ടത് കലാകാരന്മാരാണ്. അതിൻെറ ഏറ്റവും വലിയ ഉദാഹരണമാണ് യക്ഷി. അതിനെ എതിർത്തവർതന്നെ അതിനെ അംഗീകരിക്കുന്നു.

**■ കലാരംഗത്തെ സഹപ്രവർത്തകരുടെ സഹകരണം എങ്ങനെയായിരുന്നു?**

അവരാണ് എൻെറ ഏറ്റവും വലിയ ശത്രുക്കൾ. വിമർശകർ മുഴുവനും കലാകാരന്മാരായിരുന്നു. അസൂയക്കാർ. അവർ വളരെ മോശമായി വ്യാഖ്യാനിച്ചു.

**■ യക്ഷി പൂർത്തിയാക്കുന്നത് 1969-ൽ അല്ലേ, 2009-ൽ നാല്പതു കൊല്ലം പൂർത്തിയാവുന്നു. ഇക്കാലംകൊണ്ട് നമ്മുടെ സാമൂഹികാന്തരീക്ഷം വളരെയധികം മാറിമാറിഞ്ഞിട്ടുണ്ട്.**

ഈ നാല്പതുവർഷംകൊണ്ട് ഒരുപാട് മാറിയിട്ടുണ്ട്. അന്ന് ശില്പം എന്നു പറഞ്ഞാൽ ക്ഷേത്രകലയാണ്. ക്ഷേത്രശില്പം. പിന്നെ പൂർണകായ പ്രതിമകൾ. റോയ് ചൗധരിയുടെ ഓരോ ശില്പം തൃശ്ശൂരിലും തിരുവനന്തപുരത്തുമുണ്ടായിരുന്നു. അതൊ

ക്കെയായിരുന്നു ശില്പങ്ങൾ. ഇതുപോലൊരു ശില്പത്തെപ്പറ്റിയുള്ള സങ്കല്പം ആർക്കും ഉണ്ടായിരുന്നില്ല. അതുമല്ല, ഇത്രയും വലുപ്പമുള്ള ശില്പം ഒരു ആഘാതമായിരുന്നു. ഒന്ന് വലുപ്പം, മറ്റൊന്ന് നഗ്നത. രണ്ടും ജനത്തെ ഷോക്കടിപ്പിച്ചു. രസകരമായ ഒരു കാര്യം, കൂടുതൽ എതിർത്തത് പുരുഷന്മാരാണ്, സ്ത്രീകളല്ല.

**■ കലാകാരന്മാരുടെ പ്രതികരണമെന്തായിരുന്നു?**

അത് ശില്പമല്ല എന്നാണവർ പറഞ്ഞത്. സാധാരണ ഒരു പെണ്ണിൻെറ നഗ്നരൂപം. അതിൽ ആധുനികതയില്ല. ശില്പമാണെങ്കിൽ ദുരൂഹത വേണ്ടേ. ഇങ്ങനെ ലളിതമായി ചെയ്താൽ കലയാവില്ല എന്നായിരുന്നു പരാതി. ബുദ്ധിജീവികളായി നടിച്ചിരുന്ന ഒരു 'സ്യൂഡോ ക്ലാസാ'ണ് ഇത്രയധികം പ്രശ്നമുണ്ടാക്കിയത്. മോഡേൺ ആർട്ട് എന്നാൽ അബ്സ്ട്രാക്റ്റ് ആയിരിക്കണം എന്നാണവർ പറഞ്ഞത്.

**■ ഇത് അബസ്ട്രാക്റ്റല്ലല്ലോ, കോൺക്രീറ്റല്ലേ?**

(ചിരിക്കുന്നു) ഈയടുത്തകാലത്തുതന്നെ പ്രമാണിയായ ഒരു കലാകാരൻ, കോളേജ് ഓഫ് ഫൈനാർട്സിൻെറ പ്രിൻസിപ്പലായ ഒരാൾ, വിളിച്ചത് 'അഗ്ലി ശില്പം' എന്നാണ്. ഒരു ലേഖനത്തിൽ അങ്ങനെയാണ് വിശേഷിപ്പിച്ചത്. ലളിതകലാ അക്കാദമി സെക്രട്ടറിയായിരുന്ന അയാൾ കലാചരിത്രത്തെപ്പറ്റിയുള്ള ഒരു പുസ്തകത്തിൽ ഇതൊരു 'വേസ്റ്റാ'ണ് എന്നെഴുതി. ഒരു കലാകാരൻ തോന്നിയപോലെ എന്തൊക്കെയോ കാട്ടിക്കൂട്ടി സർക്കാരിന് നഷ്ടംവരുത്തിയെന്നാണ് അയാളുടെ കണ്ടുപിടുത്തം. നിങ്ങൾക്കറിയാമോ, യൂറോപ്പിലൊക്കെ മോഡേൺ മൂവ്മെൻറ് തുടങ്ങുന്നതുതന്നെ ഇത്തരം ശില്പങ്ങളിൽനിന്നാണ്. മോനെയുടെ വിഖ്യാതമായ ഒരു പെയിൻറിങ്ങുണ്ട്. 'ലഞ്ച് കഴിക്കുന്നവർ'. ഒരു പുൽത്തകിടിയിലിരുന്ന് കോട്ടൊക്കെ ഇട്ട് ഭക്ഷണം കഴിക്കുന്ന രണ്ട് പുരുഷന്മാർ, നഗ്നയായ ഒരു സ്ത്രീയും. അതദ്ദേഹം പ്രദർശിപ്പിച്ചപ്പോൾ വലിയ കോളിളക്കമുണ്ടായി.

**■ ഒരുകാലത്ത് നമ്മുടെ നാട്ടിൽ ട്രോഫി കൊടുക്കുന്നത് ഒരു കപ്പോ അല്ലെങ്കിൽ വല്ല മെമെൻേറായോ ആയിരുന്നല്ലോ. എനിക്കു തോന്നുന്നത് 'പുരസ്കാരശില്പം' എന്ന സംഗതിതന്നെ കൊണ്ടുവരുന്നത് കാനായിയാണെന്നാണ്. ആദ്യം രൂപകല്പനചെയ്ത അവാർഡ്ശില്പം ഓർമയുണ്ടോ?**

ഞാൻ കൊച്ചിയിൽ കലാപീഠത്തിലുള്ളപ്പോൾ, 1970-ൽ ആലപ്പുഴ എസ്.ഡി. കോളേജിലെ ഒരു ട്രോഫിക്കുവേണ്ടി എന്നെ സമീപിച്ചു. ഒരു ശില്പമായാലോ എന്ന് ഞാൻ നിർദേശിച്ചു. അവർ സമ്മതിച്ചു. അങ്ങനെയാണ് ഒന്നരയടി ഉയരത്തിൽ സെമി അബ്സ്ട്രാക്റ്റ് ആയിട്ട് ഒരു ശില്പമുണ്ടാക്കിയത്. എല്ലാവർക്കും അതിഷ്ടപ്പെട്ടു. അതായിരുന്നു തുടക്കം. പിന്നീട് ധാരാളം ട്രോഫി ചെയ്തു.

**■ പ്രശസ്തമായ മറ്റു ട്രോഫികൾ ഏതൊക്കെയാണ്?**

യൂണിവേഴ്സിറ്റിയിലെ ചില ട്രോഫികൾ, അമ്പിളി അരവിന്ദ് ട്രോഫി, വയലാർ രാമവർമ പുരസ്കാരം. രവിവർമ പുരസ്കാരം അങ്ങനെ നിരവധിയുണ്ട്.

**■ രവിവർമ പുരസ്കാരം കാനായിക്കുതന്നെ ലഭിച്ചില്ലേ?**

അത് വളരെ സന്തോഷമുണ്ടാക്കി. അവാർഡ്ശില്പങ്ങൾ നല്ല മാറ്റമാണുണ്ടാക്കിയത്. കാരണം, ആരും

> **എൻെറ ശില്പത്തിലൊന്നും ദുരൂഹതയില്ല. ദുരൂഹതയുണ്ടാക്കി ബുദ്ധിജീവികൾ ജനത്തെ കളിപ്പിക്കുകയാണ്. എൻെറ യക്ഷി മുതൽക്കുള്ള ആക്ഷേപം എളുപ്പം മനസ്സിലാകുന്നുവെന്നാണ്. കല പെട്ടെന്ന് മനസ്സിലാക്കാൻ പാടില്ലത്രെ. ഇത്രയും വിഡ്ഢിത്തം കലാചരിത്രത്തിൽ കാണില്ല.**

ശില്പം വാങ്ങാറില്ല. അവാർഡ് ട്രോഫിരൂപത്തിലാവുമ്പോൾ പല വ്യക്തികളുടെയും വീടുകളിൽ അവ എത്തിച്ചേരും. അത് വലിയ വിജയമായിരുന്നു.

**■ അതുപോലെ വേളിയിലെ ലാൻഡ് സ്കേപ്പിങ്ങും വലിയ മാറ്റമുണ്ടാക്കിയില്ലേ?**

ഉണ്ട്, അതുവരെ പി.ഡബ്ല്യു.ഡി.ക്കാരുടെ വക ലാൻഡ് സ്കേപ്പിങ്ങായിരുന്നു. മരങ്ങളെല്ലാം വെട്ടിവെളുപ്പിച്ച് പുല്ലുപിടിപ്പിക്കുന്ന ഏർപ്പാട്. അതു വളരെ വിലപിടിച്ച കാർപ്പെറ്റ് ഗ്രാസ്സാണ് ഉപയോഗിച്ചിരുന്നത്. ഞാൻ അതു മാറ്റി 'ബഫല്ലോ ഗ്രാസ്സാ'ക്കി. വളരെ ചെലവു കുറവ്. നമ്മുടെ വഴിവക്കിലൊക്കെ സുലഭമായി വളരുന്നത്. പതിഞ്ഞുവളരുന്ന പുല്ലാണ്. അത് ഞാൻ പരീക്ഷണാർഥം ചെയ്തുനോക്കിയതാണ് വിജയിച്ചു. ഞാനതിനൊരു പേരുമിട്ടു. 'കേരള ഗ്രാസ്സ്' ഇപ്പോഴെല്ലാവരും അതുപയോഗിച്ചുതുടങ്ങി. കല എന്നു പറഞ്ഞാൽ അകത്തല്ല, പുറത്ത് സമൂഹമധ്യത്തിൽ കൊണ്ടുവരണം. എങ്കിലേ മാറ്റങ്ങളുണ്ടാക്കാൻ കഴിയൂ.



വേളിയിലെ ശംഖ്

**■ വാസ്തുശില്പം പരീക്ഷിച്ചുനോക്കിയിട്ടുണ്ടോ?**

രണ്ടുമൂന്നു വീടുകൾ ചെയ്തിട്ടുണ്ട്. കലാകാരന്മാർ ബിൽഡിങ് ഡിസൈനിൽ ശ്രദ്ധിച്ചാൽ ഇവിടെ ഒരു വിഷ്വൽ കൾച്ചർതന്നെ ഉണ്ടാക്കാം. ഉദാഹരണത്തിന് ആർക്കിടെക്ചറിൽ വലിയ മാറ്റമുണ്ടാക്കിയത് മോൺട്രിയാൻെറ പെയിൻറിങ്ങുകളാണ്.

**■ ഏതൊക്കെ ബിൽഡിങ്ങുകളാണ് ചെയ്തത്?**

കുമാരനാശാൻസ്മാരകത്തിൽ ഒരു മ്യൂസിയമുണ്ടാക്കി. കൊല്ലത്ത് എൻെറ സുഹൃത്തിൻെറ ഒരു വീട് ചെയ്തു. എനിക്ക് നല്ലൊരു വലിയ ബിൽഡിങ് ചെയ്യണമെന്ന് ആഗ്രഹമുണ്ട്. രണ്ടേക്കർ സ്ഥലമെങ്കിലും വേണം. ഒരു കൂറ്റൻ സ്ട്രക്ചർ. പണമാണ് പ്രധാന പ്രശ്നം.

**■ ശില്പം ചെയ്യുന്നതോടൊപ്പം പ്രതിമകളും ചെയ്യാറുണ്ടല്ലോ. രണ്ടും രണ്ടു സ്വഭാവമല്ലേ?**

ഞാൻ മദ്രാസിൽ പഠിക്കുമ്പോൾ റോയ് ചൗധരിയായിരുന്നു, പ്രിൻസിപ്പൽ. കെ.സി.എസ്. പെയിൻറിങ്ങിൽ പ്രൊഫസർ. ചൗധരിയും പണിക്കരും തമ്മിലുള്ള അഭിപ്രായവ്യത്യാസം വലുതായിരുന്നു. സ്കൾപ്ചർ എടുത്തപ്പോൾ ടെമ്പിൾ ആർട്ട് ആയിരുന്നു പഠിപ്പിച്ചത്. പുസ്തകങ്ങളിൽ കാണുന്നതരം മോഡേൺ ശില്പങ്ങൾ ഞാൻ ചെയ്തുതുടങ്ങി. അതെല്ലാം അധ്യാപകനായ ഉലകനാഥമുതലിയാർ പൊളിച്ചുകളഞ്ഞു. അതെനിക്ക് വലിയ വിഷമമായി. പക്ഷേ, മുതലിയാർ ഒരു ഉപകാരംചെയ്തു. ഒരാളെ പോർട്രെയിറ്റ് ചെയ്യുമ്പോൾ, എന്തൊക്കെ ചെയ്യണമെന്നതിൻെറ ടെക്നിക്കുകൾ പറഞ്ഞുതന്നു. അന്നത് മനസ്സില്ലാ മനസ്സോടെയാണ് ഞാൻ കേട്ടത്. ശരിയായ മനുഷ്യനെ അതേപോലെ ചെയ്യാൻ സാധിക്കും. അങ്ങനെ ഞാൻ ചില പോർട്രെയ്റ്റുകൾ ചെയ്തു. പിന്നെ ക്രിയേറ്റീവ് ആയ പോർട്രെയ്റ്റുകളും ചെയ്തു. അതെനിക്ക് വളരെ സഹായകമായി.

**■ പോർട്രെയ്റ്റുകൾ ചെയ്യുമ്പോൾ റിയലിസ്റ്റിക്കായിട്ടല്ലേ, ചെയ്യുന്നത്?**

ആദ്യം പക്കാ റിയലിസ്റ്റിക്കായിട്ടാണ് ചെയ്തിരുന്നത്. പഴയ ഇന്ത്യൻ ആർട്ടിൻെറയും ഗ്രീക്ക് ആർട്ടിൻെറ

യും മാതൃകയിൽ. പിന്നെ ആളെ ഇരുത്തി അതുപോലെ ചെയ്യും. അതിൽ നമുക്ക് സ്വാതന്ത്ര്യമില്ല. പിന്നെയാണ് ഒരു ക്യാരക്റ്റർ നോക്കി 'ഡിസ്റ്റോർട്ടഡ്' ആക്കി പോർട്രെയ്റ്റ് ചെയ്യു തുടങ്ങിയത്. അതെനിക്ക് ഇഷ്ടമായി. കാരണം, നമ്മൾ 'ഡിസ്റ്റോർട്ടഡ്' ആക്കുമ്പോൾ ആദ്യം നോർമലായിട്ട് തന്നെ ചെയ്യണം. എന്നിട്ടേ ഡിസ്റ്റോർട്ടഡ് ആക്കാൻ പറ്റൂ. ഡിസ്റ്റോർട്ടഡ് എന്നുപറഞ്ഞാൽ 'അബ്നോർമൽ' ആണല്ലോ. ഒരു മനുഷ്യൻെറ സ്വഭാവത്തിനനുസരിച്ച് പോർട്രെയ്റ്റ് ഡിസ്റ്റോർട്ട് ചെയ്യാം. അദ്ദേഹത്തിന് മാനസികമായി വല്ല കുഴപ്പവുമുണ്ടെങ്കിൽ അത് പോർട്രെയിറ്റിൽ കാണിക്കാൻ പറ്റും. എന്തെങ്കിലും കാട്ടിക്കൂട്ടിയാൽ പോർട്രെയ്റ്റാവില്ല.

**■ പ്രശസ്തമായ ഏതൊക്കെ പോർട്രെയ്റ്റുകളാണ് ചെയ്തിട്ടുള്ളത്?**

തുടക്കത്തിൽ സ്കൂൾ ഓഫ് ആർട്ടിലെ പ്യൂണായിരുന്ന അടിയോടിയുടെ തല ചെയ്തു. പണിക്കർക്ക് വലിയ ഇഷ്ടമായി. അങ്ങനെയായിരുന്നു തുടക്കം. പിന്നെ എനിക്ക് ആവേശമായി. പെട്ടെന്ന് ചെയ്താലേ നന്നാകൂ. സമയമെടുത്ത് ചെയ്താൽ കൃത്രിമമാകും.

**സ്ത്രീ പുരുഷ തുല്യതയാണ് എൻെറ കലയുടെ ലക്ഷ്യം. ഞാൻ അടിമയല്ല. വെപ്പാട്ടിയല്ല. ഞാൻ ശക്തിയാണ്. പുരുഷനു തുല്യമായി സ്ത്രീക്ക് ഇങ്ങനെ ഇരിക്കാൻ പറ്റും എന്നു വിളിച്ചുപറയുന്ന ശില്പമാണ് യക്ഷി. ഈ സന്ദേശം വിളംബരം ചെയ്യുന്ന സൃഷ്ടികളാണ് എൻെറ ശില്പങ്ങൾ.**

**■ കേരളത്തിൽ ആരെയൊക്കെ ചെയ്തു?**

തിരുവനന്തപുരത്ത് പി.എം.ജി. ജങ്ഷനിൽ സുഭാഷ് ചന്ദ്രബോസ്, പട്ടം താണുപിള്ള, മന്നത്തു പത്മനാഭൻ. ശ്രീചിത്തിര തിരുനാൾ മഹാരാജാവ്. ബാംഗ്ലൂരിൽ വിധാൻസൗധയ്ക്കു മുന്നിൽ ഹനുമന്തയ്യയുടെ പത്തുപതിനഞ്ചടി പോർട്രെയ്റ്റ് ബ്രോൺസിൽ. ബോംബെയിലും മദ്രാസിലും 'ബസ്റ്റു'കൾ ഒരുപാട് ചെയ്തിട്ടുണ്ട്. ഇപ്പോൾ ഞാനതു നിർത്തി. ഒരുപാട് സമയംപോകും. ഈയിടെ പരവൂരിൽ ദേവരാജൻ മാഷുടെ വലിയ തല ചെയ്തു. എനിക്ക് ബഹുമാനമുള്ള ആളെ പോർട്രെയ്റ്റ് ചെയ്യുന്നതാണ് എനിക്കിഷ്ടം.

**■ കേരള നിയമസഭാ മന്ദിരത്തിനു മുന്നിൽ ഇ.എം.എസ്. ചെയ്തല്ലോ.**

ഇ.എം.എസ്സിനെ ചെയ്യാൻ വലിയ താത്പര്യമായിരുന്നു. പക്ഷേ, ചെയ്തിട്ടും ചെയ്തിട്ടും ഇ.എം.എസ്. ആകുന്നില്ല. പലതവണ പൊളിച്ചുകളഞ്ഞു. ഒരുപാട് സമയമെടുത്തു. ആദ്യം ചെയ്തത് ചെറുപ്പമായ ഇ.എം.എസ്സാണ്. നായനാരൊക്കെ പറഞ്ഞു ആചാര്യനായ ഇ.എം.എസ്. മതി, വാർധക്യകാലത്തെ ഇ.എം. അങ്ങനെയാണ് ഇന്നു കാണുന്ന അവശനായ ഇ.എം.എസ്. ചെയ്യുന്നത്. പുസ്തകം എൻെറ ആശയമായിരുന്നു. വായിച്ച പേജിൽ വിരൽ വെച്ചുകൊണ്ടുള്ള നില്പ്. വായിച്ചുതീരാത്ത ഒരു പുസ്തകം.

**■ കേരളത്തിൽ ഏറ്റവും കൂടുതൽ പ്രതിമകളുള്ള നാരായണ ഗുരുവിൻെറ പോർട്രെയ്റ്റ് ചെയ്തിട്ടില്ലേ?**

രണ്ടെണ്ണം. എറണാകുളത്ത് അയ്യപ്പൻ കാവിൽ ഒന്ന്. തിരുവനന്തപുരത്ത് മുളവന ജങ്ഷനിൽ മറ്റൊന്ന്.

**■ നാരായണഗുരുവിനെപ്പോലെ ആത്മീയ ചൈതന്യമുള്ള ഒരു മഹത്വ്യക്തിയെ ശില്പത്തിലാവാഹിക്കുമ്പോഴുള്ള അനുഭവമെന്താണ്?**

നാരായണഗുരു വലിയ വിഷമമായിരുന്നു. വളരെ സമയമെടുത്ത്, ധ്യാനിച്ച് ചെയ്യേണ്ട ഒരു ക്രിയയാണത്. അദ്ദേഹത്തിൻെറ മുഖത്തല്ല, എല്ലാം അകത്താണ്. ഉജ്ജ്വലമായ ഒരു ആന്തരിക വ്യക്തിത്വം വളരെ ശോകമൂകമായ മുഖമാണ്. തേജസ്സുള്ള മനസ്സാണ്. ദീർഘദർശിത്വം മുഖത്തു പ്രതിഫലിക്കണം. ഗുരുവിൻെറ വലിയ ശില്പം ചെയ്യണമെന്ന് മോഹമുണ്ട്.

**■ കുമാരനാശാൻെറ പ്രതിമ ചെയ്യാനുള്ള പ്രചോദനമെന്തായിരുന്നു? ആശാൻകവിതയുമായി അടുപ്പമുണ്ടോ? ഭാര്യയുടെ പേരുതന്നെ 'നളിനി' എന്നാണല്ലോ?**

പഠിക്കുന്ന സമയത്തേ ആശാൻ കവിതകളിൽ താത്പര്യമാണ്. പ്രത്യേകിച്ച് ബുദ്ധചരിതമൊക്കെ. ഫൈൻആർട്സ് കോളേജിൽ പഠിപ്പിക്കുമ്പോൾ ഒരിക്കൽ തോന്നയ്ക്കൽ പോയി. ആശാൻസ്മാരകം കണ്ടപ്പോൾ കഷ്ടംതോന്നി. കാടുപിടിച്ചു കിടക്കുന്നു. മുണ്ടശ്ശേരി വിദ്യാഭ്യാസ മന്ത്രിയായിരുന്നപ്പോൾ ഉണ്ടാക്കിയതാണ്. പിന്നെ ആരും തിരിഞ്ഞു നോക്കിയിട്ടില്ല. ആശാൻെറ മകൻ പ്രഭാകരനെ പരിചയപ്പെട്ടു. അദ്ദേഹം പറഞ്ഞു: കാനായി താത്പര്യമെടുത്ത് എന്തെങ്കിലും ചെയ്യണം. അച്ഛനുവേണ്ടി ഞാൻ സ്ഥലം കൊടുത്തു. പക്ഷേ, നശിച്ചുകിടക്കുകയാണ്. എനിക്ക് സങ്കടം തോന്നി. പിന്നീട് തോന്നയ്ക്കൽ സ്മാരകക്കമ്മിറ്റി ക്ഷണിച്ചു. അതെനിക്ക് ഒരനുഗ്രഹമായിത്തോന്നി. അതിനാൽ സേവനമായി ചെയ്യാൻ തീരുമാനിച്ചു. ഇപ്പോൾ സർക്കാർ പണം തരാൻ തയ്യാറായിട്ടുണ്ട്. കുമാരനാശാൻെറ പ്രതിമ കൂടാതെ കുറച്ച് കാവ്യശില്പങ്ങളും ചെയ്യുന്നുണ്ട്.



**■ ശില്പങ്ങൾക്ക് കോൺക്രീറ്റ് മാധ്യമമായി തിരഞ്ഞെടുക്കാൻ കാരണം?**

കോൺക്രീറ്റിൻെറ ഒരു ഗുണം, ചെലവു കുറവാണെന്നതാണ്. നമ്മൾ ഒരു ദരിദ്ര രാജ്യമാണ്. മുപ്പതടിയുള്ള ഒരു ബ്രോൺസ് പ്രതിമയ്ക്ക് കോടികൾ ചെലവുവരും. കരിങ്കല്ലും വലിയ തുക ചെലവാകും. അത്രയും വലിയ കരിങ്കല്ല് കിട്ടാനുമില്ല. പാലം കെട്ടുന്ന കോൺക്രീറ്റ് ശില്പമാക്കി മാറ്റിയാൽ നന്നാവുമെന്നുതോന്നി. ഞാനാണതു ചെയ്തത്. വലിയ സൈസ് ചെയ്യാം. നല്ല ഉറപ്പുമുണ്ട്. അങ്ങനെയാണതു തുടങ്ങിയത്. ഫൈബർഗ്ലാസ്സ് നമ്മുടെ നാട്ടിൽ പറ്റില്ല. അത് സായിപ്പിൻെറതാണ്. ഞാൻ കണ്ടുപിടിച്ച സൂത്രപ്പണിയാണ് കോൺക്രീറ്റ്.

**■ കേരളത്തിലുടനീളം ശില്പങ്ങൾ ചെയ്തിട്ടുണ്ട്. ഈയിടെ കാസർകോട്ട് ഒരു കൂറ്റൻ ശില്പം തുടങ്ങിവെച്ചെന്നു കേട്ടു. ജന്മനാട്ടിൽ ചെയ്യുമ്പോൾ വൈകാരികമായി ഒരടുപ്പം കൂടുമല്ലോ.**

ഈയിടെയാണ് സ്വന്തം നാട്ടുകാർ എന്നെ അംഗീകരിക്കാൻ തുടങ്ങിയത്. കാസർകോട് ജില്ലാ പഞ്ചായത്ത് പ്രസിഡൻറിൻെറ നിർബന്ധമാണ്. ഓഫീസിനുമുന്നിൽ എൻെറയൊരു വർക്ക് വേണമെന്നത്. രണ്ടു കൊല്ലം മുമ്പേ സ്ഥലമെല്ലാം നോക്കിവെച്ചു. ആറുമാസം മുമ്പാണ് പണി തുടങ്ങിയത്. മുപ്പത്തഞ്ചടി ഉയരത്തിൽ വലിയൊരു ശില്പമാണത്. കാസർകോട് ജില്ല വികസനത്തിൻെറ കാര്യത്തിൽ ഏറ്റവും പിന്നാക്കമാണ്. പൊതുവേ അവഗണിക്കപ്പെട്ട ഒരു സ്ഥലമാണ്. വിദ്യാഭ്യാസം, രാഷ്ട്രീയം, വർഗീയം എന്നിങ്ങനെ നിരവധി പ്രശ്നങ്ങളുള്ള സ്ഥലം. എൻഡോസൾഫാൻപോലുള്ള ഭീകര ആരോഗ്യപ്രശ്നങ്ങൾ. ഇതെല്ലാം പരാമർശിക്കുന്ന കഥപറയുന്ന രീതിയിലുള്ള ശില്പങ്ങളാണ്. നാലഞ്ചു വലിയ ശില്പങ്ങളുണ്ട്. ഞാനിതുവരെ ചെയ്തതിൽ നിന്ന് വിഭിന്നമായി ഒരു ശില്പസമുച്ചയമാക്കി മാറ്റാനുള്ള ശ്രമമാണ്.

**■ കാനായിയുടെ കല വളരെ ലളിതമാണല്ലോ.**

എൻെറ ശില്പത്തിലൊന്നും ദുരൂഹതയില്ല. കാരണം ജനങ്ങൾക്ക് അറിയാത്ത കാര്യമൊന്നും ചിത്രകലയി

ലും ശില്പകലയിലുമില്ല. മനഃപൂർവം ദുരൂഹതയുണ്ടാക്കി ബുദ്ധിജീവികൾ ജനത്തെ കളിപ്പിക്കുകയാണ്. ബുദ്ധിജീവികളായഭിനയിക്കുന്ന കള്ളനാണയങ്ങളാണവർ. എന്റെ യക്ഷി മുതല്ലുള്ള ആക്ഷേപം എളുപ്പത്തിൽ മനസ്സിലാകുന്നുവെന്നാണ്. കല പെട്ടെന്ന് മനസ്സിലാക്കാൻ പാടില്ലത്രെ. ഇത്രയും വിഡ്ഢിത്തം കലാചരിത്രത്തിൽ കാണില്ല. യൂറോപ്പിൽ ഒരിക്കലും ഉണ്ടാവില്ല. അതെനിക്ക് നേരിട്ടറിയാവുന്നതാണ്.

**■ ശില്പമല്ലാതെ പെയിന്റിങ്ങുകളും ചെയ്തിട്ടുണ്ടല്ലോ. ഏതു മീഡിയമാണ് ഉപയോഗിച്ചിട്ടുള്ളത്?**

ചെറുപ്പത്തിലേ, നാട്ടിൽവെച്ച് പെയിന്ററായിട്ടാണ് തുടങ്ങിയത്. പോർട്രെയ്റ്റിലായിരുന്നു തുടക്കം. ചിത്രകാരനാവാനാണ് നാടുവിട്ടത്. പക്ഷേ, തിരിച്ചുവന്നത് ശില്പിയായിട്ടാണ്. അന്നും ഇന്നും ഞാൻ ചിത്രകാരനാണ്. ഞാൻ ഒരുപാട് പെയിന്റിങ്ങുകൾ ചെയ്തിട്ടുണ്ട്. ആദ്യമായി ലളിതകലാ അക്കാദമി അവാർഡു കിട്ടിയത് ചിത്രത്തിനായിരുന്നു. ഓയിലിൽ, വാട്ടർ കളറിൽ, പേസ്റ്റലിൽ, അക്രലിക്കിൽ... എല്ലാ മാധ്യമങ്ങളും എനിക്കിഷ്ടമാണ്. മാത്രമല്ല, ഇല്ലസ്ട്രേഷനും ചെയ്യുന്നുണ്ട്. ഇതുവരെ ഒരു 'വൺമാൻഷോ' ചെയ്തിട്ടില്ല. ഒരു ചിത്രപ്രദർശനത്തിനു പരിപാടിയുണ്ട്. അതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

**■ കാനായി കല്യാണം കഴിച്ചത് വളരെ വൈകിയാണ്. ഒരു കലാകാരന് കുടുംബജീവിതം ശരിയാവില്ലെന്ന് സന്ദേഹമുണ്ടായിരുന്നോ?**

ആദ്യം കല്യാണം കഴിക്കേണ്ട എന്നു തീരുമാനിച്ചിരുന്നു. വിവാഹം ശരിയാവില്ല എന്നൊരു തെറ്റായ സങ്കല്പം ചെറുപ്പത്തിലേ ഉണ്ടായിരുന്നു. ഒരു സന്ന്യാസിയെപ്പോലെ, ഒരു യോഗിയെപ്പോലെ ത്യാഗിയായി ജീവിക്കുക, കലയ്ക്കും സമൂഹത്തിനും വേണ്ടി. യൂറോപ്പിൽ പോയപ്പോഴും ആ വിചാരമായിരുന്നു. അവിടെ ഒരുപാട് ഗേൾഫ്രൻഡ്സ് ഉണ്ടായിരുന്നു. പ്രധാനമായും രണ്ടുപേർ. ഒരാൾ എന്നെ കല്യാണം കഴിക്കാൻ പരമാവധി ശ്രമിച്ചു. ആ അപകടത്തിൽനിന്ന് രക്ഷപ്പെടുകയായിരുന്നു.

**■ ഇതെല്ലാം ഭാര്യയോട് പറഞ്ഞിട്ടുണ്ടോ?**

എന്റെ ജീവിതത്തിലെ എല്ലാ രഹസ്യങ്ങളും ഭാര്യയോട് പറഞ്ഞിട്ടുണ്ട്. ആ രണ്ടു വിദേശ സ്ത്രീകളോടും നല്ല അടുപ്പമായിരുന്നു. പക്ഷേ, കല്യാണം കഴിച്ചിരുന്നെങ്കിൽ ജീവിതം നശിച്ചുപോയേനെ. തിരിച്ചുവന്നപ്പോൾ അമ്മയുടെ നിർബന്ധം സഹിക്കാതായി, ജോലി കിട്ടിയപ്പോൾ പ്രത്യേകിച്ചും. കല്യാണം, ഉദ്യോഗം ഇതുരണ്ടും ഒരു കലാകാരന്റെ ജീവിതം നശിപ്പിക്കും. ഉദ്യോഗ



കാനായി കുഞ്ഞിരാമന്റെ അമ്മ

ത്തിനു പോയാൽ നാം ബ്യൂറോക്രാറ്റുകളുടെ കീഴിൽ പണിയെടുക്കണം. സ്വാതന്ത്ര്യം നഷ്ടപ്പെടും. ഒടുവിൽ ഫൈനാർട്സ് കോളജിൽ ജോലി സ്വീകരിച്ചു. അതുപോലെ വിവാഹം. അത് അമ്മയുടെ ആഗ്രഹപ്രകാരമാണ്. അവർ നാടുനീളെ അന്വേഷിച്ചു. ഞാൻ പറഞ്ഞു: കല്യാണം കഴിക്കുകയാണെങ്കിൽ എന്റെ നാട്ടുമ്പുറത്തുനിന്നു തന്നെ, സാധാരണ കുടുംബത്തിൽനിന്ന്, സാധാരണ പെൺകുട്ടിയെതന്നെ വേണം. അങ്ങനെ ഇപ്പോഴത്തെ ഭാര്യയെ പോയി കണ്ടു. ഇഷ്ടപ്പെട്ടു. കണ്ടപ്പോൾത്തന്നെ എനിക്കുതോന്നി, ഇതുമതി. ജീവിതത്തിൽ വലിയ ദുരാഗ്രഹങ്ങളൊന്നുമില്ല. പൊങ്ങച്ചമില്ല. ലളിതമായ ജീവിതം, ഒതുങ്ങിയ സ്വഭാവം, നല്ല വിദ്യാഭ്യാസവുമുണ്ട്. ജോലിക്കു പോകണമെന്ന് അവരുടെ വീട്ടുകാർ പറഞ്ഞു. വേണ്ട, ഞങ്ങൾ അധ്വാനിച്ച് ജീവിക്കും എന്ന് ഞാൻ പറഞ്ഞു. അവർക്ക് കലയും കലാകാരന്മാരെയുമൊന്നും പരിചയമില്ലായിരുന്നു. അതിനാൽ ആദ്യം കുറച്ചു ബുദ്ധിമുട്ടുകളുണ്ടായിരുന്നു. ക്രമേണ ഞങ്ങൾ പരസ്പരം മനസ്സിലാക്കി. കുട്ടികളില്ലാത്തതിന്റെ ദുഃഖം ആദ്യമൊക്കെ ഉണ്ടായിരുന്നു. ഇപ്പോൾ അതുമില്ല. ഇന്ന് അവരെന്റെ ഏറ്റവും വലിയ കൂട്ടുകാരിയാണ്, സഹായിയാണ്. കാസ്റ്റിങ്ങിന്റെ മേൽനോട്ടംപോലും അവരാണ്. ഭാര്യയേക്കാൾ ഉപരി മറ്റെന്തെല്ലാമോ ആണ്, എന്റെ പ്രചോദനവും പ്രോത്സാഹനവുമാണ്. എനിക്കുവേണ്ടി എന്തു ത്യാഗം ചെയ്യാനും അവർ തയ്യാറാണ്. എന്റെ അമ്മ കഴിഞ്ഞാൽപ്പിന്നെ എനിക്കേറ്റവും സ്നേഹം ഭാര്യയോടാണ്.

**■ 'രാമസാരഥി'യും കൂടിയാണല്ലോ. കാറോടിക്കുന്നത് അവരല്ലേ?**

അതേ, വാഹനമോടിക്കുന്നത് അവരാണ്. എനിക്കൊന്നും നോക്കണ്ട, എല്ലാ കാര്യവും അവർ ചെയ്തോളും. ഇപ്പോൾ എനിക്കു തോന്നുത് ഒരു കലാകാരന് നല്ലൊരു ഭാര്യയുണ്ടെങ്കിലേ ഭാവിയുണ്ടാവൂ എന്നാണ്. പക്ഷേ, കലാകാരിയായിക്കഴിഞ്ഞാൽ നരകമാവും.

**■ ഇപ്പോഴിറങ്ങിയ 'കാനായിയുടെ കവിതകൾ' എന്ന പുസ്തകം സമർപ്പിച്ചിരിക്കുന്നത് അമ്മയ്ക്കാണല്ലോ, ഒരു പൂജാപുഷ്പംപോലെ 'അമ്മ' എന്ന പേരിൽത്തന്നെ നിരവധി ശില്പങ്ങളുമുണ്ട്. അമ്മയുമായുള്ള ആത്മബന്ധം?**

എന്റെ ജീവിതം അമ്മയുമായി അത്രമാത്രം ബന്ധപ്പെട്ടിരിക്കുന്നു. കാരണം, എന്റെ അച്ഛന് രണ്ട് ഭാര്യമാരുണ്ടായിരുന്നു. അമ്മയായിരുന്നു, ആദ്യ ഭാര്യ. ജന്മിയും സമ്പന്നനുമായ അച്ഛൻ അമ്മ മരിക്കുന്നതുവരെ ഒരു സെന്റു ഭൂമിപോലും കൊടുത്തിട്ടില്ല. അത്ര ക്രൂരനായിരുന്നു അച്ഛൻ. അമ്മയെ അച്ഛൻ കാലുകൊണ്ട് ചവിട്ടിമെതിക്കുന്നത് ചെറുപ്പംമുതലേ ഞാൻ കണ്ടിട്ടുണ്ട്. ഒരിക്കലും മറക്കാനാവാത്ത ഒരു സംഭവം. ഒരു ദിവസം വിറകടുപ്പിൽ വെള്ളം ചൂടാക്കിക്കൊണ്ടിരിക്കുമ്പോൾ, അച്ഛൻ ഓടിവന്ന് പുറത്ത് ചവിട്ടിക്കൂട്ടുന്നതാണ്. ഞാനന്ന് കുഞ്ഞാണ്. ഞാൻ നിലവിളിച്ചു. എന്നിട്ടും അച്ഛന്റെ കലിയടങ്ങുന്നില്ല. ഒടുവിൽ അച്ഛന്റെ അമ്മ വന്നാണ് പിടിച്ചുമാറ്റിയത്. അമ്മയുടെ വിഷമവും കരച്ചിലും കണ്ടാണ് ഞാൻ വളർന്നത്. അതെന്നെ വല്ലാതെ ബാധിച്ചു. സത്യം പറഞ്ഞാൽ ഞാൻ നാട്ടിൽ നിന്നിരുന്നെങ്കിൽ അച്ഛന്റെ കൊലപാതകി ആയേനെ! അച്ഛന് ക്രിമിനൽ സ്വഭാവമായിരുന്നു. ഒരാളെ കൊന്നിട്ടുണ്ട്. ഇരുപത്തിനാലു മണിക്കൂറും കോടതിയും വ്യവഹാരവുമായി നടക്കുന്ന ഒരാൾ. വലിയ പിശുക്കനുമാണ്. ആരെയും സഹായിക്കില്ല. അതേസമയം ഒരു ബുദ്ധിരാക്ഷസനുമാണ്. അച്ഛന്റെ സ്ത്രീപീഡനം കണ്ട് മടുത്തിട്ടാണ് ഞാൻ വിവാഹം പോലും വേണ്ടെന്ന് തീരുമാനിച്ചത്.

എന്റെ ആദ്യ ശില്പംപോലും 'അമ്മ'യാണ്. എന്റെ യക്ഷി മുതൽക്കിങ്ങോട്ടുള്ള എല്ലാ ശില്പങ്ങളും സ്ത്രീശക്തിതന്നെയാണ്. ഭാരതീയ സങ്കല്പത്തിൽ സ്ത്രീ ദേവതയാണ്– ഭൂമീദേവി. സ്ത്രീ പുരുഷ തുല്യതയാണ് എന്റെ കലയുടെ ലക്ഷ്യം. യക്ഷിയിൽ ഇത് അന്തർലീനമാണ്. ഞാൻ അടിമയല്ല, വെപ്പാട്ടിയല്ല, ഞാൻ ശക്തിയാണ്. പുരുഷനു തുല്യമായി സ്ത്രീക്ക് ഇങ്ങനെ ഇരിക്കാൻ പറ്റും എന്നു വിളിച്ചുപറയുന്ന ശില്പമാണ് യക്ഷി. ഈ സന്ദേശം വിളംബരം ചെയ്യുന്ന സൃഷ്ടികളാണ് എന്റെ ശില്പങ്ങൾ. ■

(അവസാനിച്ചു)